# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള

*[Mahatma Gandhi NREGA Social Audit Society Kerala (MGNSASK)]*

**12.03.2024(ചൊവ്വാഴ്ച) 11 എ.എമ്മിന്**

**ചെയർമാൻശ്രീ. പ്രണബ്ജ്യോതിനാഥ് ഐ.എ.എസ്സ്**

**(സെക്രട്ടറി,സ്പോർട്ട്സ്& യുവജനകാര്യം, മൃഗസംരക്ഷണം, ക്ഷീര വികസനം)-ന്റെ**

**അധ്യക്ഷതയിൽ ഓൺലൈനായി ചേർന്ന 20-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ നടപടിക്കുറിപ്പ്**

# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള 12.03.2024 രാവിലെ 11 മണിക്ക് ഓൺലൈനായി ചേർന്ന 20 -ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ നടപടിക്കുറിപ്പ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ 20 -ാമത് ഗവേർണിംഗ് ബോഡി യോഗം 2024 **മാർച്ച് 12**-ാം തീയതി രാവിലെ 11.00 മണിക്ക് **ഓൺലൈനായി** ബഹു. ചെയർമാൻ ശ്രീ. പ്രണബ്ജ്യോതി നാഥ് ഐ.എ.എസ്സ് (സെക്രട്ടറി, സ്പോർട്ട്സ്&യുവജനകാര്യം, മൃഗസംരക്ഷണം, ക്ഷീര വികസനം) അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗത്തിലെ പങ്കാളിത്തവും നടപടി ക്രമങ്ങളും ചുവടെ ചേർക്കുന്നു.

**ഹാജർ:**

1. ശ്രീ. പ്രണബ്ജ്യോതി നാഥ് ഐ.എ.എസ് (ചെയർമാൻ)
2. ഡോ.എൻ.രമാകാന്തൻ (കൺവീനർ)
3. ശ്രീ. എസ്. രാജേന്ദ്രൻ (മെമ്പർ)
4. ശ്രീ. രാഹുൽ.പി. ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ കേരള(പി.എ.ജി.I,കേരള)
5. ശ്രീ. എ.എൻ.പ്രഭാകരൻ (മെമ്പർ)
6. ശ്രീ. കെ. അനിമോൻ (മെമ്പർ)
7. ശ്രീമതി. മിലൻ എലിസബത്ത് ജോർജ്ജ് (അണ്ടർസെക്രട്ടറി,എൽ.എസ്.ജി. ഡിപ്പാർട്ട്മെന്റ്) സെക്രട്ടറി എൽ.എസ്.ജി.ഡി പ്രതിനിധി
8. ശ്രീ. അനിൽ കുമാർ, (വകുപ്പ് പ്രതിനിധി)
9. വുമൺആന്റ് ചൈൽഡ് ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ് പ്രതിനിധി

## യോഗ നടപടിക്രമങ്ങളും തീരുമാനങ്ങളും

1. **2024 ഫെബ്രുവരി 28-ാംതീയതി ചേർന്ന 19-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ് അംഗീകരിക്കൽ**

   **തീരുമാനം:**

   19-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ് യോഗം അംഗീകരിച്ചു.

2. **2024-25 വാർഷിക ബഡ്ജറ്റ് അംഗീകാരം**

   സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ 2024-25 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിത കേന്ദ്ര വിഹിതം 27 കോടി രൂപ വരവ് ഇനത്തിലും 27 കോടി രൂപ ചെലവ് ഇനത്തിലും വകയിരുത്തിക്കൊണ്ടുള്ള 2024-25 വാർഷിക ബഡ് ജറ്റ് ഡയറക്ടർ അവതരിപ്പിച്ചു. അടുത്ത സാമ്പത്തിക വർഷം സമ്പൂർണ്ണ സോഷ്യൽ ഓഡിറ്റ് (എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി) നടത്തുവാനും അതോടൊപ്പം തന്നെ സർക്കാർ നിർദ്ദേശിക്കുന്ന മറ്റ് വികസന പദ്ധതികളുടെ/പ്രോഗ്രാമുകളുടെ സോഷ്യൽ ഓഡിറ്റും സൊസൈറ്റി ഫലപ്രദമായി ഏറ്റെടുത്ത് നടത്തണമെന്ന് ബഹു. അംഗങ്ങൾ നിർദ്ദേശിച്ചു. തുടർന്ന് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിവിധ പ്രവർത്തനങ്ങളെയും അവയുടെ പ്രതീക്ഷിത ചെലവുകളെപ്പറ്റിയും യോഗം വിശദമായി ചർച്ച ചെയ്തു. പ്രതീക്ഷിത കേന്ദ്ര വിഹിതം പരമാവധി ലഭ്യമാക്കുന്നതിന് സൊസൈറ്റി പ്രത്യേക ശ്രദ്ധ ചെലുത്തണമെന്ന നിർദ്ദേശത്തോടെ 2024-25 സാമ്പത്തിക വർഷത്തെ 27 കോടി രൂപ അടങ്കൽ വരുന്ന ബഡ് ജറ്റ് യോഗം അംഗീകരിച്ചു.[അനുബന്ധം 1]

Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA

PRANABJYOTI NATH IAS
Secretary to Government
Sports & Youth Affairs
Animal Husbandry, Dairy Development &
(Zoo) Department

3. **2023–24 സാമ്പത്തിക വർഷത്തെ രണ്ടാംപാദ സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട ഭൗതിക പുരോഗതി സംബന്ധിച്ച റിപ്പോർട്ട് അവലോകനം**

2023-24 സാമ്പത്തിക വർഷത്തെ രണ്ടാംപാദ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നുണ്ടെന്നും പൊതു തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിന് മുമ്പ് 95 ശതമാനത്തിലധികം ഗ്രാമപഞ്ചായത്തുകളുടെയും സോഷ്യൽ ഓഡിറ്റ് പൂർത്തികരിക്കാൻ കഴിയുമെന്ന് ഡയറക്ടർ റിപ്പോർട്ട് ചെയ്തു. രണ്ടാംഘട്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുടെ പുരോഗതിയിൽ യോഗം സംതൃപ്തി രേഖപ്പെടുത്തി.

യോഗം 11.45-ന് അവസാനിച്ചു.

**ഡോ .എൻ.രമാകാന്തൻ**
ഡയറക്ടർ
എസ്.എ.യു.കേരള

Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

**പ്രണബ്ജ്യോതിനാഥ് ഐ.എ.എസ്**
ചെയർമാൻ,ഗവേർണിംഗ് ബോഡി എസ്.എ.യു.കേരള
സ്പോർട്ട്സ് &യുവജനകാര്യം സെക്രട്ടറി.

PRANABJYOTI NATH IAS
Secretary to Government
Sports & Youth Affairs
Animal Husbandry, Dairy Development &
Museum (Zoo) Department
Government secretariat
Thiruvananthapuram